# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1444. | 03.12.2018-ന് മറുപടിയ്ക്ക് |
|---|---|

**പേരാമ്പ്രയിൽ റഗുലർ മാർക്കറ്റിംഗ് സൊസൈറ്റിക്ക് വേണ്ടി അക്വയർ ചെയ്തിരിക്കുന്ന ഭൂമി**

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റഗുലർ മാർക്കറ്റിംഗ് സൊസൈറ്റിക്ക് വേണ്ടി പേരാമ്പ്രയിൽ അക്വയർ ചെയ്തിരുന്ന ഭൂമി, പ്രസ്തുത സൊസൈറ്റി പ്രവർത്തനം അവസാനിപ്പിച്ചതിനെ തുടർന്ന് മുൻ ഭൂ ഉടമ കട്ടമ്പത്ത് കല്യാണി അമ്മക്ക് തിരികെ നൽകുന്നതിന് റവന്യൂ വകുപ്പ് ഉത്തരവ് നൽകിയിരുന്നുവോ; | (എ) | മലബാർ റഗുലേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റിക്ക് വേണ്ടി പേരാമ്പ്രയിൽ ഏറ്റെടുത്ത ഭൂമി, സൊസൈറ്റിയുടെ പ്രവർത്തനം അവസാനിച്ചതിനെ തുടർന്ന് 29/07/2003-ലെ സ.ഉ (സാധാ) 2219/03/റവ നമ്പർ ഉത്തരവ് പ്രകാരം കൊയിലാണ്ടി താലൂക്കിലെ 1.36 ഏക്കർ ഭൂമി നിലവിലെ മാർക്കറ്റ് വില നൽകിക്കൊണ്ട് മുൻ ഭൂഉടമയായ ശ്രീമതി. കല്ല്യാണി അമ്മക്ക് തിരിച്ച് നല്കാൻ ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | ഇങ്ങനെ ഉത്തരവ് ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിന് പേരാമ്പ്ര പഞ്ചായത്ത് പ്രസിഡന്റ് ബഹു. റവന്യൂ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിരുന്നുവോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) | ഉണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത ഭൂമി ഇപ്പോൾ ആരുടെ കൈവശമാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ? | (സി) | പ്രസ്തുത ഭൂമി ഇപ്പോൾ സർക്കാരിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ